**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2007-08-ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.1, 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.6 - എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

ജി.ഒ (ആർ.ടി) നം.1606/13/തസ്വഭവ. തിരുവനന്തപുരം,തീയതി:19/06/2013

---

പരാമർശം:- 1) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 25/10/2012-ലെ കത്ത്.

2) 06/04/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ് /24958/പിറ്റി3/2012 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരവും 2008-09 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരവും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 25,000/- രൂപ ഓഡിറ്റ് നിരാകരിച്ചിരുന്നു.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ 2007-08, 2008-09 വർഷങ്ങളിൽ 12,500/- (ആകെ 25,000/-) രൂപ വീതം അടങ്കലിൽ നടപ്പിലാക്കിയ പുകയില്ലാത്ത അടുപ്പ് നിർമ്മാണം എന്ന പദ്ധതിയിൽ വിധവകളായ കുടുംബാംഗങ്ങളെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നും സ്ത്രീ കുടുബനാഥകളായ കുടുംബങ്ങൾ ഗുണഭോക്താക്കളായതിനാലും ഊർജ്ജസംരക്ഷണം കാലിക പ്രധാനമായ ആവശ്യമായതിനാലും മേൽ പദ്ധതിക്ക് ചെലവഴിച്ച 25,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകണമെന്ന 01/08/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 104(4)/12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഖണ്ഡിക 3-1, 2008-09 വർഷത്തെ ഖണ്ഡിക 3-6 എന്നിവയിൽ പരാമർശിക്കപ്പെട്ട, ' പുകയില്ലാത്ത അടുപ്പ് നിർമ്മാണം' എന്ന പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ല നടപ്പാക്കിയതെങ്കിലും സ്ത്രീ കുടുംബനാഥകളായ കുടുംബാംഗങ്ങൾ ഗുണഭോക്താവായതിനാലും, ഊർജ്ജസംരക്ഷണം കാലികപ്രധാനമായ ഒരാവശ്യമായതിനാലും മേൽ പദ്ധതിക്ക് ചെലവഴിച്ച 25,000/- രൂപയ്ക്ക് (12,500/- രൂപ വീതം) സാധൂകരണം ലഭ്യമാക്കണമെന്ന പഞ്ചായത്തിന്റെ വിശദീകരണം പരിഗണിച്ച് ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-08 , 2008-09 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3-1, 3-6 എന്നിവയിൽ തടസ്സപ്പെടുത്തിയ 25,000/- രൂപ (12,500/- രൂപ വീതം) (ഇരുപത്തിയഞ്ചായിരം രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി/പ്രസിഡണ്ട്, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ